► ഭീഷണി വിലപ്പോയില്ല

# കേന്ദ്രജീവനക്കാരുടെ പണിമുടക്ക് പൂർണം

● സ്വന്തം ലേഖകൻ

**ന്യൂഡൽഹി** > എൻഡിഎ സർക്കാരിന്റെ നിഷേധാത്മകസമീപനത്തിലും വാഗ്ദാനലംഘനത്തിലും പ്രതിഷേധിച്ച് കേന്ദ്രസർക്കാർ ജീവനക്കാർ രാജ്യവ്യാപകമായി പണിമുടക്കി. ഭീഷണികളും സമ്മർദവും തള്ളി 13 ലക്ഷത്തിൽ പരം ജീവനക്കാർ പണിമുടക്കിൽ പങ്കെടുത്തു. കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ് ആൻഡ് വർക്കേഴ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പണിമുടക്കിൽ കേരളത്തിലെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനം പൂർണമായും നിലച്ചു.

കേരളം, തമിഴ്നാട്, കർണാടകം, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, തെലങ്കാന, പശ്ചിമബംഗാൾ, ഒഡിഷ, ഛത്തീസ്ഗഢ്, ജാർഖണ്ഡ്, അസമും ത്രിപുരയും ഉൾപ്പടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ പണിമുടക്ക് പൂർണമായി. പഞ്ചാബ്, മധ്യപ്രദേശ്, ഗുജറാത്ത്, ഉത്തർപ്രദേശ്, ബിഹാർ, ഉത്തരാഖണ്ഡ്, ഹരിയാന എന്നിവിടങ്ങളിൽ 80 ശതമാനത്തോളം ജീവനക്കാർ പണിമുടക്കി. ഡൽഹി, രാജസ്ഥാൻ, ഹിമാചൽപ്രദേശ് എന്നിവിടങ്ങളിൽ 50 ശതമാനം ജീവനക്കാരും പണിമുടക്കി.




► പണിമുടക്കിയ കേന്ദ്രസർക്കാർ ജീവനക്കാർ തിരുവനന്തപുരത്ത് നടത്തിയ പ്രകടനം

## ● 13 ലക്ഷത്തിൽപരം ജീവനക്കാർ പങ്കെടുത്തു
## ● പണിമുടക്ക് സംസ്ഥാനത്ത് പൂർണം

ഏഴാം ശമ്പള കമീഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക, ജിഡിഎസ്, പാർട്ടൈം, കാഷ്വൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുക, പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുക, എല്ലാ ഒഴിവുകളും നികത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചായിരുന്നു പണിമുടക്ക്. പണിമുടക്കിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് എഫ്എസ്ഇടിഒ,ബിഎസ്എൻഎൽഇയു, സിജിപിഎ, എഐപിആർപിഎ എന്നീ സംഘടനകൾ പ്രകടനം നടത്തി. പണിമുടക്കിൽ അണിചേർന്ന എല്ലാ ജീവനക്കാരെയും കോൺഫെഡറേഷൻ അഖിലേന്ത്യാ സെക്രട്ടറി ജനറൽ എം കൃഷ്ണൻ അഭിവാദ്യംചെയ്തു.

തിരുവനന്തപുരത്ത് ജിപിഒ, തമ്പാനൂർ ആർഎംഎസ്, ഇൻകംടാക്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനം സ്തംഭിച്ചു. പണിമുടക്കിയ ജീവനക്കാർ ജില്ലാ കേന്ദ്രങ്ങളിലും ഓഫീസുകൾക്കു മുമ്പിലും പ്രകടനവും പൊതുയോഗവും നടത്തി. തിരുവനന്തപുരം ജിപിഒയ്ക്കു മുമ്പിൽ നടന്ന പൊതുയോഗം കോൺഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി പി വി രാജേന്ദ്രൻ ഉദ്ഘാടനംചെയ്തു. എം സി നായർ അധ്യക്ഷനായി. എൻഎഫ്പിഇ സംസ്ഥാന കൺവീനർ പി കെ മുരളീധരൻ, കോൺഫെഡറേഷൻ ജില്ലാ സെക്രട്ടറി എസ് അശോക് കുമാർ, ബിഎസ്എൻഎൽഇയു അഖിലേന്ത്യാ അസി. ജനറൽ സെക്രട്ടറി പ്രതാപ്കുമാർ, ജേക്കബ് തോമസ്, എം പി വിജയൻ എന്നിവർ സംസാരിച്ചു.